കശുവണ്ടി വികസന കോർപ്പറേഷൻ

211 (578) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ പ്രവർത്തിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതിന്റെ കാരണം വിശദമാക്കുമോ ;

(ബി) ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ 18-9-2015 മുതൽ അടഞ്ഞുകിടക്കുകയാണ്.

പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ അഭാവമാണ് ഫാക്ടറികൾ ഇപ്രകാരം അടഞ്ഞുകിടക്കാൻ കാരണം.

(ബി) കശുവണ്ടി വികസന കോർപ്പറേഷൻ തുറന്നുപ്രവർത്തിപ്പിക്കുവാൻ വേണ്ടി ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 30 കോടി രൂപയും ഒറ്റത്തവണയായി ഓണത്തിന് മുമ്പുതന്നെ അനുവദിച്ച് വിതരണം ചെയ്തിട്ടുള്ളതാണ്. ഫാക്ടറികൾ വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഗ്രാറ്റുവിറ്റി കുടിശ്ശിക

212 (579) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി വികസന കോർപ്പറേഷൻ തെഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) ഗ്രാറ്റുവിറ്റി കുടിശ്ശിക കെടുത്തു തീർക്കാൻ ആവശ്യമായ തുക എത്രയെന്നറിയിക്കാമോ ; ഈ സർക്കാർ അധികാരമേറ്റശേഷം തുക അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ; കാപ്പെക്സിൽ നിന്നും വിരമിച്ച തൊഴിലാളികൾക്ക് എത്ര വർഷത്തെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകാനുണ്ടെന്നറിയിക്കുമോ ; പ്രസ്തുത തുക എന്നു വിതരണം ചെയ്യുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷനിൽ 2010 മുതൽ വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകിയിട്ടില്ല. കുടിശ്ശിക ഗ്രാറ്റുവിറ്റി കൊടുത്തു തീർക്കാൻ കശുവണ്ടി വികസന കോർപ്പറേഷനിലും കാപ്പെക്സിലും പഠനം നടത്തിയ എക്സ്പെർട്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. കമ്മിറ്റിയുടെ ശിപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കാൻ സാവകാശം വേണമെന്നും തീരുമാനിച്ചിട്ടുണ്ട്.

(ബി) കോർപ്പറേഷനിൽ 2010 മുതലുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി ഏകദേശം 50 കോടി രൂപ ആവശ്യമാണ്. ഗ്രാറ്റുവിറ്റി വിതരണം ചെയ്യുന്നതിന് കശുവണ്ടി വികസന കോർപ്പറേഷന് തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) കശുവണ്ടി വികസന കോർപ്പറേഷനിൽ എക്സ്പെർട്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരം ഗ്രാറ്റുവിറ്റി തുക നൽകുവാൻ സാവകാശം ആവശ്യമാണ്.

കാപ്പെക്സിൽ 2012, 2013, 2014 വർഷങ്ങളിൽ വിരമിച്ച തൊഴിലാളികളുടെയും ജീവനക്കാരുടെയും ഗ്രാറ്റുവിറ്റിയാണ് കുടിശ്ശികയായിട്ടുള്ളത്. ഇതിനായി ആകെ 5.1 കോടി രൂപ ആവശ്യമായിട്ടുണ്ട്. ആയത് ലഭ്യമാക്കുവാൻ സാവകാശം ആവശ്യമാണ്.

കശുവണ്ടി വികസന കോർപ്പറേഷനിലെ അഴിമതി

213 (580) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കോർപ്പറേഷനിലെ ഉന്നതസ്ഥാനത്തുള്ള ഉദ്യോഗസ്ഥരുടെ അഴിമതിയുമായി ബന്ധപ്പെട്ട് വന്ന വാർത്തകൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.